| |
|---|
| **പതിമൂന്നാം കേരള നിയമസഭ** |
| **പതിനഞ്ചാം സമ്മേളനം** |

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 151** | **30/11/2015 ൽ മറുപടിക്ക്** |

**ബാർ കോഴക്കേസ്**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.ബി.സത്യൻ** | | **ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** | |
| (എ) | ബാർകോഴയുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ വന്ന കേസുകൾ എത്ര; അതിൽ ഓരോ കേസിനും സർക്കാരിനും, വിജിലൻസ് വകുപ്പിനും വേണ്ടി ഹാജരായവർ ആരൊക്കെയാണ് ; | (എ) | ബാർ കോഴയുമായി ബന്ധപ്പെട്ട കേരള ഹൈക്കോടതിയിൽ വന്ന കേസ്സുകളുടെ എണ്ണം 8. അതിൽ 7 കേസ്സുകളിൽ അഡ്വക്കേറ്റ് ജനറലും അദ്ദേഹത്തിന്റെ കീഴിലുള്ള സർക്കാർ അഭിഭാഷകരും, ഒരു കേസ്സിൽ സുപ്രീം കോടതി അഭിഭാഷകൻ ശ്രീ.കപിൽ സിബലും ഹാജരായി |
| (ബി) | കേസുകളുമായി ബന്ധപ്പെട്ട് ആകെ എത്ര രൂപ ചെലവായി ; | (ബി) | കേസുകളുമായി ബന്ധപ്പെട്ട് ഫീസിനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| (സി) | വിജിലൻസ് സ്പെഷ്യൽ കോടതി വിധിക്കെതിരെ വിജിലൻസ് ഡയറക്ടർ ഫയൽ ചെയ്ത കേസിൽ ഹാജരാകുന്നതിന് സീനിയർ അഡ്വക്കേറ്റ് കപിൽ സിബലിനെ വിളിച്ചത് ആരായിരുന്നു; | (സി) | വിജിലൻസ് ഡയറക്ടർക്കുവേണ്ടിയാണ് സീനിയർ അഡ്വക്കേറ്റ് കപിൽ സിബൽ ഹാജരായിട്ടുള്ളത് |
| (ഡി) | ഹൈക്കോടതിയിൽ ഹാജരായി കേസ് വാദിച്ചതിന് ശ്രീ.കപിൽ സിബലിന് എന്ത് തുക നൽകേണ്ടതായിട്ടുണ്ട് ; മറ്റ് അഡ്വക്കേറ്റുമാർക്ക് നൽകേണ്ടതായ തുക എത്ര ; നൽകിയത് എത്ര; വിശദമാക്കുമോ ; | (ഡി) | നാളിതുവരെ ഫീസിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല. |
| (ഇ) | ഗവൺമെന്റിന്റെ ഏത് തലത്തിൽ എടുത്ത തീരുമാനപ്രകാരമാണ് ശ്രീ.കപിൽ സിബൽ ഹൈക്കോടതിയിലെ കേസിൽ ഹാജരായത് ? | (ഇ) | അഡ്വക്കേറ്റ് ജനറലിന്റെ അഭ്യർത്ഥന പ്രകാരമാണ് ശ്രീ.കപിൽ സിബൽ ഹൈക്കോടതിയിലെ കേസിൽ ഹാജരായത് |

**സെക്ഷൻ ഓഫീസർ**